(ബി) കറുകച്ചാൽ, നെടുംകുന്നം, കുന്നേഴ മുതലായ സ്ഥലങ്ങളിൽ കൊതുകുശല്യം ഉണ്ടോ;

(സി) ഇതിനെപ്പറ്റി അന്വേഷിക്കാൻ ചുമതലപ്പെട്ടവരോട് ആവശ്യപ്പെട്ടുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഡി. ഡി. റ്റി. തളിക്കുക എന്നുള്ളതാണ് കൊതുകുശല്യം കുറയ്ക്കുന്നതിനു കൈക്കൊണ്ടിട്ടുള്ള നടപടി.

(ബി) അറിവില്ല.

(സി) മന്തു, മലമ്പനി എന്നീ രോഗങ്ങളെ പരത്തുന്ന കൊതുകുകളെ നശിപ്പിക്കുന്ന പ്രവർത്തനങ്ങളും മാത്രമേ ഇപ്പോൾ നടത്തുന്നുള്ളൂ. "ബി" യിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ കൊതുകുശല്യം ഉള്ളതായി അറിവില്ല. അന്വേഷിക്കാം.

തെങ്ങുകയറ്റത്തൊഴിലാളികളെ തിരിച്ചുജോലിക്കെടുപ്പിക്കൽ.

* 967. [62] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനുവരി മാസത്തിൽ ചേർത്തലയിൽ കണ്ണ് മിറാക്കിൾ രാമൻകുട്ടി എന്നയാൾ അടുത്തകാലത്തു പിരിച്ചുവിട്ട തെങ്ങുകയറ്റത്തൊഴിലാളികളെ തിരിച്ചെടുപ്പിക്കാൻ വേണ്ടി നടത്തിയ സത്യാഗ്രഹസമരകാലത്ത് ആ പ്രശ്നം അഡ്ജൂഡിക്കേഷനു വിടുവാൻ ലേബർ കമ്മീഷണർ ഗവണ്മെൻറിലേയ്ക്കു ശുപാർശ ചെയ്തിരുന്നില്ലെ;

(ബി) ലേബർകമ്മീഷണരുടെ ശുപാർശ അനുസരിച്ച് ആ പ്രശ്നം അഡ്ജൂഡിക്കേഷനു് ഇതേവരെ വിടാതിരിക്കുവാനുള്ള കാരണമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഈ പ്രശ്നം വ്യവസായകോടതിക്കു വിടുവാൻ തക്കതാണെന്നു ഗവണ്മെൻറിനു ബോദ്ധ്യം വന്നില്ല. അതുകൊണ്ട് അഡ്ജൂഡിക്കേഷനു വിടേണ്ട ആവശ്യമില്ലെന്നു തീരുമാനിച്ചു.

പുതിയ പാലങ്ങൾ.

* 968. [63] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56 വർഷത്തിൽ പുതുതായി സംസ്ഥാനത്തു പണി ആരംഭിച്ചിട്ടുള്ള പാലങ്ങൾ ഏതെല്ലാം;

(ബി) കുറശേഖരമംഗലം പ്രകൃതിയിൽ മണ്ഡപത്തുംകടവിൽ ഒരു പാലം പണിയേണ്ടതാണെന്നു് കാണിച്ചു് പൊതുജനങ്ങളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) † ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്.

(ബി) ഉണ്ട്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ കൊള്ളിക്കുന്നതിനു തയ്യാറാക്കിയ കരടു ലിസ്റ്റിൽ ഈ പണി ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്ലാനിംഗ് കമ്മിഷൻ പദ്ധതിയിൽ വരുത്തിയ കുറവുകളുടെ ഫലമായി ഈ പണി പ്ലാനിൽപ്പെടുത്തുവാൻ സാദ്ധ്യമല്ലാതെ വന്നിരിക്കുകയാണ്.

ചെങ്ങന്നൂർ ചന്തത്തോട്.

* 969. [65] ശ്രീ. സി. കെ. രാമചന്ദ്രൻ നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 9-7-54-ലെ മാവേലിക്കര സബ്ഡിവിഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുള്ള ചെങ്ങന്നൂർ ചന്തത്തോട് ഇതുവരെ വെട്ടുകയോ അതിലേയ്ക്ക് നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതിന്റെ കാരണമെന്ത് ;

(ബി) ചന്തത്തോടിനു സൗകര്യമായി കിടക്കുന്ന കോലാമുക്ക് ഉടമാകുളം തോട്ടുവെട്ടി ഗതാഗതസൗകര്യമാക്കുന്നതിനു വേണ്ട നടപടികൾ എടുക്കുന്നതിനു ഗവണ്മെന്റ് ശ്രദ്ധിക്കുമോ :

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ബഡ്ജറ്റിൽ തുക കൊള്ളിക്കാഞ്ഞതിനാൽ.

(ബി) ആലോചിക്കാം.

ബി. എ. ക്കാരല്ലാത്ത സബ്ബ് രജിസ്ട്രാർമാർ.

* 970. [66] ശ്രീ. സി. ഐ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ ബി. എ. ക്കാരല്ലാത്ത സബ്ബ് രജിസ്ട്രാർമാർ എത്ര ;

(ബി) മറ്റു ഡിപ്പാർട്ടുമെന്റിലെ ഇ. എസ്സ്. എൽ. സി. ക്കാർക്ക് 80 മുതൽ 150 വരെ വിവിധ സ്കെയിലിൽ പ്രമോഷൻ ലഭിക്കുമ്പോൾ രജിസ്ട്രേഷൻ വകുപ്പിലെ ഹെഡ്ക്ലാർക്കുമാരെ മാത്രം ആ വ്യവസ്ഥയിൽ നിന്നും വേർതിരിച്ചു നിറുത്തിയിരിക്കുന്നതു് എന്തുകൊണ്ട് ;

(സി) 20 വർഷത്തിനുമേൽ സർവീസുള്ള ഇ. എസ്സ്. എൽ. സി. ക്കാരെ സബ്ബ് രജിസ്ട്രാറന്മാരായി നിയമിക്കാമെന്നു ജി. ഒ. ഉണ്ടായിരിക്കെ, ആ ജി. ഒ. തന്നെ 1121-ൽ ശേഷം ആദരിക്കാതിരിക്കുന്നതിനുള്ള കാരണമെന്ത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) 16.

(ബി) അങ്ങനെ വേർതിരിച്ചു നിറുത്തിയിട്ടില്ല.

† Please see Appendix XXII.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX XXII.

[*Please see answer to question No. * 968 (63) posted for answer on 22-11-1955*]

List of bridges construction of which has been started in 1955-56.

Trivandrum Division.

1. Bridge at 3rd mile Srikariam-Thiruppappur road.

Quilon Division.

1. Bridge in Sabarimala village road near Cherukolpuzha crossing.
2. 40 feet span bridge in Kalanjoorpadam road.
3. The 18th mile bridge in Kayamkulam-Pathanapuram road.
4. A bridge at Pulikeezhu in Mavelikara-Thrikunnapuzha road.
5. Bridge at Mundupalam in Kayamculam-Muttam road.
6. Iron girder bridge at Quilon.

Kottayam Division.

1. 20 feet span bridge at 1/8 at Edakunnam road.
2. 20 feet span bridge at Cheruvalli Poika in Mundakayam-Erumeli road.
3. 118 feet span bridge at Kootikal.
4. Bridge at Kudamalloor crossing in Kottayam-Mannanam road.
5. Foot bridge at Thuruthiyil, Changanacherry.
6 Swamipalam bridge in Swamipalam-Mepral road.

Ernakulam Division.

1. Bridge across A. S. canal at Kommady.
2. R.C.C. foot bridge across Varanad-Poothotta canal.
3. 30 span bridge at Karipuzha in Alwaye-Coonamavoo road.
4. Three bridges at Nayarambalam, Ayyampally and Kuzhipally in Vypeen-Pallipuram road II section.
5. Bridge over Kalavoor-Mannarchery road.

Moovattupuzha Division.

1. Piravam bridge.
2. Appal Chira bridge at 10/7 Ettumanoor-Vaikom road.
3. Anjumala bridge at 6/8 Vaikom-Vechur road.

LIBRARY ARCHIVES Kerala Legislative Assembly